കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2014-15**

## ജില്ലാ ഓഡിറ്റ് കാര്യാലയം,
## തൃശ്ശൂർ

**e-mail:dotsr.ksad@kerala.gov.in**

**(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)**

**നം.കെ.എസ്.എ.ടി.എസ്.ആർ.(പി3)/920/16**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം ,
തൃശ്ശൂർ: 680 020
തീയതി: 20.06.2016
ഫോൺ നം. 0487 2331249
ഇ-മെയിൽ: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കൈപ്പമംഗലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് - 2014-15 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

*******************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-5, 3-6, 3-7, 3-8 എന്നീ ഖണ്ഡികയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു .

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**

<u>പകർപ്പ് :-</u>

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പകർപ്പ്

**നം.കെ.എസ്.എ.ടി.എസ്.ആർ.പി3/920/16, തിയ്യതി:20.06.2016**

**<u>തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് .</u>**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് .)**

തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക 01.06.2016ന് ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 2014-15 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ പരിശോധിച്ചു. (പണം പിരിവ് 31.12.15 വരെ മുൻ ഓഡിറ്റിൽ പരിശോധിച്ചിട്ടുണ്ട്).

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ് .

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള

സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സി വൈ സലിം, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1-6-16 മുതൽ 8-6-16 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പി.എ.ശിവൻ, ഓഡിറ്റ്ഓഫീസർ |
| | കെ.പി.വിനീത് കുമാർ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ, |
| | സജീഷ് .എം.ആർ., ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| പ്രസിഡന്റ് | |
|---|---|
| അനിതാബാബു | 1.4.14.മുതൽ31.3.15വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| സെക്രട്ടറി | വി.എച്ച്. ഹബീബ് | 01.04.14 മുതൽ 10.03.15 പൂർവ്വാഹ്നം വരെ |
| | കെ.രാംദാസ് | 10.03.15 പൂർവ്വാഹ്നം മുതൽ 31.03.15 വരെ |
| മെഡിക്കൽഓഫിസർ, പി.എച്ച്.സി | ഡോ.പ്രവീൺ. | 1.4.14 മുതൽ 12.7.14 പൂർവ്വാഹ്നം വരെ |
| | ഡോ.രാജേഷ്.കെ.യു | 12.7.14 പൂർവ്വാഹ്നം മുതൽ 22.12.14 പൂർവ്വാഹ്നം വരെ |
| | ഡോ.വിധുഗംഗാധരൻ | 22.12.14 പൂർവ്വാഹ്നം മുതൽ 31.3.15വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.സുമയ്യ. പി.കെ. | 01.04.14 മുതൽ 31.03.15വരെ |
| മെഡിക്കൽ ഓഫിസർ, ഹോമിയോ | ഡോ.എസ്.ശ്രീജിത്ത് | 01.04.14 മുതൽ 31.03.15 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബിന്ദു. ഇ.ടി. | 01.04.14 മുതൽ |

| | | |
|---|---|---|
| | | 31.03.15 വരെ |
| കൃഷി ഓഫിസർ | കെ.കെ.വിജയൻ | 1.4.14.മുതൽ 31.3.15 വരെ |
| വി.ഇ.ഒ, കൂരിക്കുഴി | പ്രജിത പ്രകാശ്. പി. | 1.4.14 മുതൽ 31.3.15വരെ |
| വി.ഇ.ഒ., ചളിങ്ങാട് | സുനന്ദ. എം.എസ് | 1.4.14.മുതൽ 31.3.15വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ഇക്ബാൽ .പി.എ. | 01.04.14.മുതൽ 31.03.15വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഗീത. വി.എൻ. | 01.04.14 മുതൽ 31.03.15വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ജിനി വർഗ്ഗീസ് | 01.04.14മുതൽ 31.3.15 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഓമന. കെ.കെ. | 1.4.14 മുതൽ 31.3.15 വരെ |

## ഉള്ളടക്കം


| ക്രമ നമ്പർ | **ഭാഗം – 1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതുവരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | **ഭാഗം – 2** | |
| | ഇല്ല | |
| | **ഭാഗം – 3** | |
| 11 | ജൈവവളം വാങ്ങൽ – മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല. | 3-1 |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ പദ്ധതി നിർവ്വഹണത്തിൽ നിന്നും വിട്ടുനിന്നു. | 3-2 |
| 13 | തെരുവു വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയില്ല. | 3-3 |
| 14 | പാലിയേറ്റീവ് കെയർ പ്രവർത്തനം – ഒരവലോകനം | 3-4 |
| 15 | ഫയലുകൾ ഹാജരാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു. | 3-5 |
| 16 | ബോർഡ് സ്ഥാപിച്ചിട്ടില്ല – നഷ്ടം 1500/- | 3-6 |

| | | |
|---|---|---|
| 17 | KSEB ബിൽഡിംഗ് വിപുലീകരണം – സ്ഥല പരിശോധനയിൽ കണ്ട അപാകതകൾ | 3-7 |
| 18 | അംഗൻവാടി പരിശോധന | 3-8 |
| 19 | തൊഴിലുറപ്പു പദ്ധതി | 3-9 |
| | **ഭാഗം – 4** | |
| 20 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 21 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 23 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 24 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം -1

# പൊതു അവലോകനം



# പൊതു അവലോകനം



## 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 26.2.2014 തിയ്യതിയിലെ 1-ാം നംപർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-7-2015 | 31-7-2015 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2014-15 | 01.08.2015 | കെ.എസ്.എ.ടി.എസ്.ആർ. |

| | | (ഇ3) 1456/15/ (46)/15.10.15 |
|---|---|---|

മേൽ സാക്ഷ്യപത്രത്തിൽ സൂചിപ്പിച്ചിട്ടുള്ള നാളിതുവരെയുള്ള ആസ്തി/ബാദ്ധ്യത സംബന്ധിച്ച വിവരങ്ങൾ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന അപാകത പരിഹരിച്ചിട്ടില്ല.

ഇൻകം & എക്സ്പെൻറിച്ചർ, റസീപ്റ്റ് & പേമെൻറ് സ്റ്റേറ്റ്മെൻറുകൾ, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 16150606

വരവ് - 77899123

ആകെ - 94049729

ചെലവ് - 70490377

നീക്കിയിരിപ്പ്- 23559352

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4214539 | 12645500 | 16860039 | 11012021 | 5848018 | 67.7 |
| വികസനഫണ്ട് എസ്.സി.പി. | 2619531 | 6031000 | 8650531 | 4324843 | 4325688 | 50 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 1500 | 6241506 | 6243006 | 6132508 | 110498 | 98 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1249 | 3311512 | 3312761 | 2286153 | 1026608 | 69 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1773419 | 7035474 | 8808893 | 8203976 | 604917 | 93 |
| പെർഫോമൻസ് ഗ്രാന്റ് | 838463 | 3375000 | 4213463 | 838460 | 3375003 | 19 |
| എം.എൻ.ആർ.ഇ.ജി.എസ്. | 135927 | 16228500 | 16364427 | 16364427 | 0 | 100 |
| ബി ഫണ്ട് | 0 | 18324599 | 18324599 | 18324599 | 0 | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 147 | 794100562 | 110 | 40932704 | 8 | 29 | 74.82 |

**<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>**

1) ഭിന്നശേഷിക്കാർ ഉൾപ്പെട്ട കുടുംബങ്ങൾക്ക് വീട്

2) സാനിറ്ററി യൂണിറ്റ് (പട്ടികജാതി)

3) മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജിൽ പഠിക്കുന്നതിന് ധനസഹായം

4) റോഡുകളുടെ നെയിംബോർഡ് നിർമ്മാണം

5) സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ

6) കമ്യൂണിറ്റിഹാളിന് ഇൻസിനേറ്റർ സ്ഥാപിക്കൽ

7) കാന്റീൻ കെട്ടിടത്തിൽ ബയോഗ്യാസ് സ്ഥാപിക്കൽ

8) രാജീവ്ഗാന്ധി പഞ്ചായത്ത് ശാക്തീകരൺ അഭിയാൻ

9) സാനിറ്ററി യൂണിറ്റ് (എസ്.സി.)

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 12.9% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3876662 | 5517196 | 1640534 | 42(+) |
| നികുതിയേതര വരവുകൾ | 5026653 | 456866 | 4569787 | 90.91 |
| മറ്റുവരവുകൾ | 8539752 | 13718258 | 5178506 | (+)60 |
| ആകെ | 17443067 | 19692320 | 2249253 | (+)12.9 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 187200 | 142 |
| കർഷകതൊഴിലാളി പെൻഷൻ | 2276857 | 320 |
| വിധവാപെൻഷൻ | 8394512 | 917 |
| വാർദ്ധക്യകാല പെൻഷൻ | 2787785 | 782 |
| വികലാംഗ പെൻഷൻ | 4025824 | 354 |

| | | |
|---|---|---|
| അൺമാരീഡ് പെൻഷൻ | 497105 | 79 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4-6-16ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,440/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.05.16 | ഏപ്രിൽ 2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.11.03മുതൽ 03.12.03 വരെ | 1997-98 മുതൽ 2002-03വരെ | 24.03.2004 |

# ഭാഗം – 2
# വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജൈവവളം വാങ്ങൽ- മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ട് നം, S007/15 (പച്ചക്കറിക്കൃഷി വികസനം)

അടങ്കൽ : 1,00,000/- (വികസനഫണ്ട് ജനറൽ)

ബിൽ നമ്പർ : 5/2015 തീ. 13-3-15

ബിൽ തുക : 1,00,000/-

നിർവ്വഹണം : കൃഷി ഓഫീസർ

ബിൽപ്രകരം മാറിയ 1,00,000/- രൂപയിൽ 63,000 രൂപ മണ്ണിര കമ്പോസ്റ്റ് വിതരണം ചെയ്ത M/s കള്ളാപറമ്പിൽ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്.

12-ാം പഞ്ചവത്സരപദ്ധതി സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ അനുബന്ധം 16 ൽ 3.1 പ്രകാരം പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന ജൈവ കമ്പോസ്റ്റ് വളങ്ങളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ കൃഷിവകുപ്പ് നിശ്ചയിക്കേണ്ടതാണ്. എന്നാൽ ഈ വ്യവസ്ഥ പാലിക്കാതെ ടെണ്ടർ നടപടിക്രമങ്ങളിലൂടെയാണ് മണ്ണിര കമ്പോസ്റ്റ് വാങ്ങിയിട്ടുള്ളത്. വാങ്ങുന്ന ജൈവവളങ്ങളുടെ ഗുണനിലവാരം പരമാവധി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന ജൈവകമ്പോസ്റ്റ് വളങ്ങൾ എന്ന വ്യവസ്ഥ വച്ചിട്ടുള്ളത് എന്നിരിക്കെ ഇക്കാര്യം പരിഗണിക്കാതെ വളങ്ങൾ വാങ്ങിയത് ഉചിതമായില്ല. വളത്തിന്റെ ഗുണനിലവാരം പരിശോധിച്ചതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല. ഈ വിഷയത്തിൽ തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 9).

## 3-2 ഫിഷറീസ് സബ് ഇൻസ്പെക്ടർ- പദ്ധതി നിർവ്വഹണത്തിൽ നിന്ന് വിട്ടുനിന്നു

ഗ്രാമപഞ്ചായത്തിന്റെ തീരദേശമേഖലയിലെ ക്ഷേമപ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കേണ്ട നിർവഹണോദ്യോഗസ്ഥനായ ഫിഷറീസ് സബ് ഇൻസ്പെക്ടർ തൻവർഷം ഒരു പദ്ധതിയും നിർവ്വഹിക്കാതെ വികസന പ്രവർത്തനങ്ങളിൽനിന്നും വിട്ടുനിന്നത് ദൗർഭാഗ്യകരമാണ്. “മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് പഠനോപകരണങ്ങൾ" എന്ന പ്രോജക്ട് ഫിഷറീസ് സബ് ഇൻസ്പെക്ടർക്ക് നിർവഹിക്കാനായി നിർദ്ദേശിക്കപ്പെട്ടിരുന്നെങ്കിലും തൻവർഷം ഇതു നടപ്പാക്കുകയുണ്ടായില്ല. ഭാവിയിൽ ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-3 തെരുവുവുളക്കുകളുടെ സംയുക്ത പരിശോധന നടത്തിയില്ല

കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജ് ഒടുക്കിവരുന്നത് KSEB-യിൽ നിന്നും ലഭിച്ച ഇനം തിരിച്ച പട്ടിക മാത്രം അടിസ്ഥാനമാക്കിയാണ്. ഗ്രാമപഞ്ചായത്ത് തനതായ ഒരു കണക്കും സൂക്ഷിച്ചിട്ടില്ല. തെരുവുവിളക്കുകളുടെ എണ്ണം, തരം, ഒടുക്കുന്ന നിരക്ക് എന്നീ വിവരങ്ങളും, എവിടെയൊക്കെയാണ് ബൾബുകൾ സ്ഥാപിച്ചിട്ടുള്ളത് എന്ന വിവരങ്ങളും എഴുതിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പ്രകാശിക്കുന്ന യഥാർത്ഥ വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിന് KSEB-യുമായി സംയുക്ത പരിശോധന നടത്തുന്നതിനുള്ള യാതൊരു ശ്രമവും ഇതുവരെയായി ഉണ്ടായിട്ടില്ല. ആയതിനാൽ ഏതെല്ലാം തരം ബൾബുകൾക്കുള്ള ചാർജാണ് KSEB-യിലൊടുക്കിവരുന്നത് എന്നതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. വൈദ്യുതി വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രകാശിക്കാത്ത ബൾബുകൾക്ക് ചാർജൊടുക്കിവരുന്നുണ്ടോ എന്നതും ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. അടിയന്തിരമായി സംയുക്തപരിശോധന നടത്തേണ്ടതും തെരുവുവിളക്ക് വൈദ്യുത ചാർജിനത്തിൽ അധികം തുകയൊടുക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-4 പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ- ഒരവലോകനം

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആതുരശുശ്രൂഷാമേഖലയിൽ 2008 മുതൽ നടപ്പാക്കി വരുന്ന സുപ്രധാന പദ്ധതിയാണ് പാലിയേറ്റീവ് കെയർ. സമൂഹത്തിൽ വിവിധ മാരകരോഗങ്ങളാൽ ദുരിതം അനുഭവിക്കുന്നവർക്ക് സഹായം എത്തിക്കുക എന്നതാണ് ഈ പ്രോജക്ടിന്റെ പരമമായ ലക്ഷ്യം. 01-04-2008 ൽ സർക്കാർ പുറപ്പെടുവിച്ച നം.(പി) 109 സാമൂഹ്യ ക്ഷേമ വകുപ്പ് ഉത്തരവിൽ പാലിയേറ്റീവ് പരിചരണനയം വിശദമാക്കിയിട്ടുണ്ട്. ഈ നയത്തിന്റ ഭാഗമായി ക്യാൻസർ രോഗികൾ, ഹൃദയ-ശ്വാസകോശ രോഗികൾ, പക്ഷാഘാതം പോലെയുള്ള രോഗങ്ങളാൽ ശരീരം തളർന്ന് കിടപ്പിലായവർ, ദീർഘകാല മാനസിക രോഗമുള്ളവർ, പ്രായാധിക്യ കാരണങ്ങളാൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവർ എന്നിവർക്ക് തദ്ദേശ സ്വയംഭരണ വകുപ്പ്, ആരോഗ്യ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള

പ്രവർത്തനങ്ങളിലൂടെ ആരോഗ്യരക്ഷ നടപ്പാക്കുക എന്നതാണ് പാലിയേറ്റീവ് കെയർ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

2-11-2009ലെ 66373/ഡി.എ).1/2009/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം പാലിയേറ്റീവ് പരിചരണത്തിന്റെ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗരേഖ പ്രകാരം കൈപ്പമംഗലം ഗ്രാമപഞ്ചായത്തിൽ 2010-11മുതൽ പാലിയേറ്റീവ് കെയർ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2012-13ൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അവലോകന യോഗങ്ങൾ ചേരുന്നുണ്ട്. 20 ഹോം കെയർ ടീം രൂപീകരിച്ച് വീടുകൾ സന്ദർശിക്കുകയും രോഗികൾക്കാവശ്യമായ വിവിധതരം സഹായങ്ങൾ നല്കുകയും ചെയ്തുവരുന്നുണ്ട്. രോഗികൾക്ക് ആവശ്യമായ മരുന്നുകൾ, വിവിധ ഉപകരണങ്ങൾ എന്നിവ വിതരണം ചെയ്തിട്ടുണ്ട്. "ആൽഫാകെയർ" എന്ന സന്നദ്ധസംഘടനയുടെ സഹായം ഈ രംഗത്ത് ലഭിച്ചുവരുന്നുണ്ട്. രോഗികൾക്കും അവരുടെ കുടുംബങ്ങൾക്കുമായുള്ള ബോധവത്കരണ പരിപാടികൾ, പരിചരണരോഗികളിൽ തൊഴിൽപരമായ പുനരധിവാസത്തിന് സാധ്യതയുള്ളവർക്ക് ആവശ്യമായ പരിശീലന പരിപാടികൾ എന്നിവ നടപ്പാക്കിവരുന്നുണ്ട്. ഹോംകെയർ ടീമിലുള്ള വളണ്ടിയർമാരുടെ സേവനം എല്ലായ്പ്പോഴും ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. മേൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൂടുതൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി കൂടുതൽ സന്നദ്ധ സംഘടനകളുടെ/ഏജൻസികളുടെ സഹായത്തോടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## 3-5 ഫയലുകൾ ഹാജരാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ – അസി. എഞ്ചിനീയർ, കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്

താഴെ കൊടുക്കുന്ന ബില്ലുകൾ പ്രകാരമുള്ള പ്രവൃത്തികൾ സംബന്ധിച്ച ഫയലുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമനമ്പർ | ബിൽനമ്പർ | തുക | പ്രവൃത്തി |
|---|---|---|---|
| 1 | 3/30/7/14 | 500000 | പഞ്ചായത്ത് ഓഫീസ് അറ്റകുറ്റപ്പണി |
| 2 | 6/29/9/14 | 400000 | എൽ.എസ്.ജി.ഡി.ഓഫീസ് അറ്റകുറ്റപ്പണി |
| 3 | 7/29/9/14 | 713929 | കെ.എസ്. ഇ.ബി. എക്സ്റ്റൻഷൻ |
| 4. | 8/30/9/14 | 206307 | അംഗൻവാടി അറ്റകുറ്റപ്പണി |
| 5. | 50/30/3/15 | 300000 | പാണാട്ട് റോഡ് മെറ്റലിങ് ടാറിങ് |
| 6. | 51/30/3/15 | 299100 | പഞ്ചായത്ത് കാന്റീൻ അറ്റകുറ്റപ്പണി |

മേൽപ്പറഞ്ഞ ഫയലുകൾ അടിയന്തിരമായി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 24,19,336/-രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം 10/4/6/16)

## 3-6 ബോർഡ് സ്ഥാപിച്ചിട്ടില്ല,നഷ്ടം1500 രൂപ

പ്രൊജക്റ്റ് നം-116/15 - സീവാൾ റോഡ് മെറ്റലിങ് & ടാറിങ്
അടങ്കൽ-10,00,000/- (സം.ഗ്രാന്റ് 800000, തനത്-200000)

ബിൽ നം-49/31/3/15 – 800,000/- രൂപ

ഡി.ഡി നം-2488888216/18/4/15

കരാറുകാരൻ - ശ്രീ. ഇ.എൻ. ഉണ്ണികൃഷ്ണൻ

അളവുപുസ്തകം – 53/14-15

6/6/16, 12.10pmന് ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയർ ശ്രീ. പി.എ. ഇക്ബാൽ എന്നവരുടെ സാന്നിദ്ധ്യത്തിൽ പദ്ധതിസ്ഥലം സന്ദർശിച്ചപ്പോൾ ഇനം 10(L.S) പ്രകാരമുള്ള ബോർഡ് സ്ഥാപിച്ചിട്ടില്ല എന്നു കണ്ടു. കരാറുകാരന് ഈ ഇനത്തിൽ അധികം നൽകിയ 1500/- രൂപ തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 12/7.6.15)

## 3-7 കെ എസ് ഇ ബി ബിൽഡിങ് വിപുലീകരണം-സ്ഥലപരിശോധനയിൽ കണ്ട അപാകതകൾ

6/6/16, 3.35pmന് പദ്ധതിസ്ഥലം, ഗ്രാമപഞ്ചായത്തിലെ അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സന്ദർശിച്ചപ്പോൾ (പ്രൊജക്റ്റ് നംപർ 72/15, അടങ്കൽ-713929 (വികസന ഫണ്ട്) - ബിൽ നം-7/30/ 9/14,713929/ ഇതിന്റെ ഫയൽ ഹാജരാക്കിയിട്ടില്ല.) ഒരു ജനൽപാളിയുടെ ചില്ല് പൂർണ്ണമായും പൊട്ടിത്തകർന്നതായും മറ്റൊരു പാളിയുടെ അടിഭാഗത്തെ ചില്ല് പൊട്ടിയത് ഒട്ടിച്ചുചേർത്തതായും കണ്ടു. മാത്രമല്ല, മേൽക്കൂരയുടെ കുറച്ച് താഴെ പലയിടത്തും പൊട്ടലുകളും കണ്ടു. ഇപ്രകാരം സംഭവിച്ചതിന്റെ കാരണം വിശദീകരിക്കേണ്ടതും അപാകതകൾ കുറ്റമറ്റ രീതിയിൽ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്

## 3-8 അംഗൻവാടി പരിശോധന - അപാകതകൾ

6/6/16 1.25pmന് ഗ്രാമപഞ്ചായത്തിലെ അസി. എഞ്ചിനീയർ ശ്രീ. പി.എ. ഇക്ബാൽ, ഓവർസിയർ ശ്രീമതി. ബിനി .പി. എന്നിവരുടെ സാന്നിദ്ധ്യത്തിൽ ഗ്രാമപഞ്ചായത്തിലെ ഐശ്വര്യ അംഗൻവാടി, നമ്പർ 36 സന്ദർശിച്ചപ്പോൾ അവിടെ ഉപയോഗിക്കുന്ന അരി പഴക്കമുള്ളതും, ഗുണനിലവാരമില്ലാത്തതാണെന്നും കണ്ടു. അരി കൂടുതൽ കേടുവരാതിരിക്കാൻ അതിൽ ആര്യവേപ്പിലയും ചെറുപയറും ഇട്ടിട്ടുണ്ട്. കുട്ടികൾക്ക് ഗുണനിലവാരമില്ലാത്ത ഭക്ഷണം നൽകുന്നത് തടയേണ്ടതാണ്. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തിരനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. 13/7/06/16)

## 3-9 തൊഴിലുറപ്പുപദ്ധതി - അവലോകനം

മുന്നിരിപ്പുൾപ്പെടെ (135927) ആകെ വരവായ 16364427രൂപയിൽ (തൻവർഷ വരവ് 16228500) മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. 3188 കുടുംബങ്ങൾക്ക് തൊഴിൽകാർഡ് ലഭിച്ചതിൽ,143 കുടുംബങ്ങൾക്കു മാത്രമേ നൂറു ദിവസം തൊഴിൽ ലഭിച്ചിട്ടുള്ളു.

298 പദ്ധതികൾ ആവിഷ്ക്കരിച്ചതിൽ 279 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പക്ഷെ, സ്ഥിരം ആസ്തികളൊന്നും തന്നെ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടില്ല.

തൊഴിൽ കാർഡ് ലഭിച്ച മുഴുവൻ കുടുംബങ്ങൾക്കും നൂറ് ദിവസം തൊഴിൽ ഉറപ്പുവരുത്തേണ്ടതാണ്. സ്ഥിരം ആസ്തികൾ സൃഷടിക്കുവാൻ ക്രിയാത്മകമായ അനന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക്പഞ്ചായത്ത് | 2014-15 | 336500 | ആശ്രയ | ഇല്ല | 336500 * |
| ജില്ലാപഞ്ചായത്ത് | ,, | 2500000 | ഷോപ്പിങ്ങ് കോംപ്ലക്സ് നിർമാണം | ഇല്ല | 2500000 |

| | | | | | |
|---|---|---|---|---|---|
| ആകെ | | 2836500 | | | 2836500 |

* കുറിപ്പ്:- ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി (ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം) മുന്നിരിപ്പ് ഉണ്ടായിരുന്ന 2,71,961/- രൂപയിൽ 9,750/- രൂപ ചെലവഴിച്ചു. ഇതിലെ നീക്കിയിരിപ്പ് 262211/- രൂപയടക്കം ബ്ലോക്ക് പഞ്ചായത്ത് നീക്കിയിരിപ്പ് 5,98,711/- രൂപയാണ്. ഓഡിറ്റ് വേളയിൽ നൽകിയ പത്രിക പ്രകാരം നീക്കിയിരിപ്പ് 336500/- രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി. (ഇലക്ട്രിക്കൽ വിഭാഗം) | പി.എച്ച്.സി. ഐ.പി.ബ്ലോക്ക് ഇലക്ട്രിഫിക്കേഷൻ | 313/5/8/14 | 219375 | 219375 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | 943/2012/ lsgd/ dt 29.3.12 | 12286359 | 6135485 | 837255 | 432913 | 5298230 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 6,036/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|
| 2010-11 | 3(5),3(4) | 2931 | പി.എം.ഷാജി., സെക്രട്ടറി | 11401101456/18.6.14 |
| 2009-10, 2010-11 | 3(5) | 1471 | ചന്ദ്രിക, സെക്രട്ടറി | 11401106358/11.12.14 |

| | | | | |
|---|---|---|---|---|
| 2003-04 | 2(6)ഡി, 3-1 | 1634 | അബ്ദുറബ്ബ്, സെക്രട്ടറി | 11401106536/19.12.14 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 77899123 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 70490377 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2419336 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-6 | | 1500 | പി.എ.ഇക്ബാൽ, അസി.എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 2419336 | പി.എ.ഇക്ബാൽ, അസി.എഞ്ചിനീയർ |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു ാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.എ.ഇക്ബാൽ, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് | പുതിയവീട്ടിൽ, കിഴുപ്പിള്ളിക്കര,തൃശൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും | തീർപ്പാക്കാൻ | റിമാർക്സ് |
|---|---|---|---|

| | പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | |
|---|---|---|---|
| 1976-77 | എൽഎഫ് ടി21-922/96/1.7.96 | | |
| 77-78 | എൽഎഫ് ടി11-868/80/23.6.80 | | |
| 80-81 | എൽഎഫ് ടി11-3013/83/13.1.84 | | |
| 83-84 | എൽഎഫ് ടി11-529/88/14.9.88 | | |
| 84-85 | എൽഎഫ് ടി11-140/89/30.9.88 | | |
| 85-86,86-87 | എൽഎഫ് ടി11-508/1991/29.7.91 | | |
| 88-89,89-90 | എൽഎഫ് ടി11-197/93/17.11.94 | | |
| 90-91 | എൽഎഫ് ടി11-1672/94/30.3.95 | | |
| 91-92,93-94 | എൽഎഫ് ടി11-825/95/31.5.96 | | |
| 1994-95 | എൽഎഫ ടി19-2/01/5.3.01/3.4.01 | | |
| 1996-97 | എൽഎഫ് ടി19-759/1998/3.10.98 | | |
| 97-98ചെലവ് | എൽഎഫ് ടി19-1011/99/23.9.99 | | |
| 98-99ചെലവ് | എൽഎഫ് ടി19-1040/00/28.10.00 | | |
| 99-00,00-01,01-02 | എൽഎഫ് ടി12-1092/03/7.1.04 | | |
| 95-96 ജനകീയാസൂത്രണം | എൽഎഫ് ടി12-1432/07/7.1.08 | | |
| 97-98വരവ് | എൽഎഫ് ടി12-1433/07/7.1.08 | | |
| 98-99വരവ് | എൽഎഫ് ടി-12-1434/07/7.1.08 | | |
| 99-00 | എൽഎഫ് ടി12-1435/07/7.1.08 | | |
| 00-01 | എൽഎഫ് ടി12-1472/07/7.11.08 | | |
| 01-02 | എൽഎഫ് ടി12-648/08/20.7.09 | | |
| 02-03 | എൽഎഫ് ടി12-649/08/20.7.09 | | |
| 03-04 | എൽഎഫ് ടി12-190/09/26.5.10 | | |
| 04-05 | എൽഎഫ് ടി12-282/09/20.8.10 | | |
| 05-06 | എൽഎഫ് ടി12-1598/09/20.1.11 | | |
| 06-07 | എൽഎഫ് ടി12-1599/09/20.1.11 | | |
| 07-08 | എൽഎഫ് ടി.13-1311/11 തി. 24.11.11 | | |
| 08-09 | എൽഎഫ് ടിപി3-1312/12/10.10.11 | | |
| 09-10,10-11 | എൽഎഫ് ടിപി3-29/13/25.3.13 | | |
| 2011-12 | എൽഎഫ് ടിപി3-1404/13/15.1.14 | | |
| 2012-13 | എൽഎഫ് ടിപി3-1246/13/10.11.14 | | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി3-79/16/ 28.1.16/15.3.16. | | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

# Annexure - 1

No. KSA-TSR/P3/920/2016

Kerala State Audit Department

District Audit Office, Thrissur

PIN- 680 020 Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated 20.06.2016

**AUDIT CERTIFICATE**

Certified that I have audited the Annaual Fianacial Statement of **Kaippamangalam Gramapanchayat** in Thrissur District for the year ended on 31.03.2015 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of **Kaippamangalam Grama Panchcyat** for the year **2014-15** except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Thrissur.

കെ.എസ്.എ-ടി.എസ്.ആർ പി3-920/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ - 680 020

**ഫോൺ**- 0487 2331249

e-mail -dotsr.ksad@kerala.gov.in

തീയതി 20.06.2016

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ **കൈപ്പമംഗലം** ഗ്രാമപഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കൈപ്പമംഗലം** ഗ്രാമപഞ്ചായത്തിന്റെ 2014-15 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.